23310
3/11/17

കേരള സർക്കാർ
ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്

സി2/305/2016/ഉ.വി.വ തിരുവനന്തപുരം,തീയതി: 31.10.2017

## പരിപത്രം

വിഷയം: ഉന്നതവിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിൽ ഭരണാനുമതി ഇല്ലാതെ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നത് - സംബന്ധിച്ച്.

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ ഭരണാനുമതി ഇല്ലാതെ നിർമ്മാണ പ്രവൃത്തികൾ നടത്തുകയും അനന്തരം ഭരണാനുമതിയ്ക്കായി അപേക്ഷിക്കുകയും ചെയ്യുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭരണാനുമതി ഇല്ലാതെ പ്രവൃത്തികൾ നടത്തുന്നത് മൂലം ബില്ലുകൾ മാറാനാകാത്ത സാഹചര്യം സൃഷ്ടിക്കുകയും തൻമൂലം സർക്കാരിന് സാമ്പത്തിക നിയന്ത്രണം പാലിക്കാൻ കഴിയാത്ത സാഹചര്യം സംജാതമാകുകയും ചെയ്യുന്നു.

ആയതിനാൽ,സർക്കാരിന്റെ മുൻകൂർ ഭരണാനുമതി ലഭ്യമാകാതെ കോളേജുകളിൽ നിർമ്മാണ പ്രവൃത്തികൾ നടത്താൻ പാടുള്ളതല്ല. ഇത്തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ വീഴ്ചയായും ബന്ധപ്പെട്ട ചെലവുകൾ അവരുടെ വ്യക്തിഗത ബാധ്യതയായി കണക്കാക്കുന്നതാണ്.കോളേജ് പ്രിൻസിപ്പാൾമാർ അവരുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

എം.ജി.രഞ്ജിത് കുമാർ
ജോയിന്റ് സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ (കൊല്ലം/കോട്ടയം/എറണാകുളം/തൃശ്ശൂർ/കോഴിക്കോട്)
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്
ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പ് (ഗവ. ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Manoj M
സെക്ഷൻ ഓഫീസർ